പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 742** **14-10-2026-ൽ മറുപടിയ്ക്ക്**

<u>**ഭവന പദ്ധതി**</u>

<u>**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**</u> <u>**മറുപടി നൽകിയ മന്ത്രി**</u>

ശ്രീ. ദീപക് ജോയ്

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഈ വർഷം എത്ര ഭവനങ്ങൾ നിർമ്മിച്ച നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും സ്ഥലം വാങ്ങി വീട് വച്ച് നൽകാനാണോ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ;

<u>**മറുപടി:**</u> സംസ്ഥാന സർക്കാരിന്റെ 2026-27 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ "പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പുതിയ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കും" എന്ന് പ്രഖ്യാപിച്ചിരുന്നു. തുടർന്ന് പുതിയ ഭവന പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്.

ഭൂമിയുള്ള ഭവനരഹിതരായ പരമാവധി പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വരുന്ന 5 വർഷം കൊണ്ട് ഭവനനിർമ്മാണത്തിന് ധനസഹായം അനുവദിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതി പ്രകാരം ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതാണ്.

ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് പ്രത്യേക പദ്ധതികളാണ് നടപ്പിലാക്കുന്നത്.

**(ബി)** സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ എത്രപേർക്കാണ് സ്വന്തമായി സ്ഥലവും ഭവനവും ഇല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; ഇവർക്ക് എത്ര വർഷത്തിനുള്ളിൽ സ്വന്തമായി സ്ഥലവും ഭവനവും നൽകുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

<u>**മറുപടി:**</u> ഭൂരഹിത ഭവനരഹിതരായ 45,557 പട്ടികജാതി വിഭാഗക്കാരും, 5556 പട്ടികവർഗ്ഗ വിഭാഗക്കാരുമാണുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മുഖേന ഭൂമി ലഭ്യമാക്കുന്നതിനും, ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുമാണ് ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**